***'CORRUPTION, A CRIME AGAINST NATION'***

Vigilance & Anti-Corruption Bureau,
Thiruvananthapuram-695 033,
E-mail: vig.vacb@kerala.gov.in
Phone: 0471-2305393
Dated: 27.01.2018.

# <u>അഴിമതിക്കേസിൽ പ്രതിയായ മുൻ പോലീസ് ഉദ്യോഗസ്ഥനെ ശിക്ഷിച്ചു.</u>

കൈക്കൂലി വാങ്ങുന്നതിനിടയിൽ വിജിലൻസ് അറസ്റ്റ് ചെയ്ത മുൻ അഡിഷണൽ സബ് ഇൻസ്പെക്ടർ കുറ്റക്കാരനാണെന്ന് കണ്ട് കോടതി ശിക്ഷിച്ചു. തിരുവനന്തപുരം വിജിലൻസ് എൻക്വയറി കമ്മിഷണർ & സ്പെഷ്യൽ വിജിലൻസ് കോടതി ജഡ്ജ് ഡി.അജിത് കുമാറാണ് പ്രതിയെ മൂന്നു വർഷം കഠിനതടവിനും 25000 /- രൂപ പിഴയും വിധിച്ചത് . കൊല്ലം കിളിക്കൊല്ലൂർ പോലീസ് സ്റ്റേഷനിലെ മുൻ ASI ആയിരുന്ന വിക്രമനെയാണ് കുറ്റക്കാരനാണെന്ന് കണ്ട് കോടതി ഇന്ന് (27-01-2018) ശിക്ഷിച്ചത്. വാഹനാപകട കേസുമായി ബന്ധപ്പെട്ട് 2013 ൽ കണ്ണനല്ലൂർ സ്വദേശിയായ ശ്രീ.ഡാനിയലിൽ നിന്നും പ്രതി 2700 /- രൂപ കൈപ്പറ്റിയിരുന്നു. തുടർന്ന് വീണ്ടും പ്രതി ആവശ്യപ്പെട്ട 1000 /-രൂപ 9/12/2013 ൽ കൈ മാറുമ്പോഴാണ് കൊല്ലം വിജിലൻസ് യൂണിറ്റിലെ DYSP ആയിരുന്ന ശ്രീ.റെക്സ് ബോബി അർവിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം പ്രതിയെ കയ്യോടെ പിടികൂടിയത്. തുടർന്ന് കൊല്ലം വിജിലൻസ് DYSP ആയിരുന്ന ശ്രീ.ജയശങ്കർ. ആർ അന്വേഷണം ഏറ്റെടുത്ത കുറ്റപത്രം തയ്യാറാക്കി സമർപ്പിച്ച ഈ കേസിൽ പ്രോസിക്യൂഷനു വേണ്ടി ശ്രീ.ബിജു മനോഹർ ഹാജരായി.

കഴിഞ്ഞ ദിവസം (25/01/2018) ന് ഇതേ കോടതി കുളത്തുമ്മൽ വില്ലേജ് ഓഫീസിലെ വില്ലേജ് അസ്സിസ്റ്റന്റായിരുന്ന അയിര സ്വദേശി നെൽസനെ പണം തിരിമറി നടത്തിയ കേസിൽ കുറ്റക്കാരനാണെന്ന് കണ്ടു 4 വർഷം കഠിന തടവിനും 80000 /-രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷച്ചിരുന്നു . 2005-2006 കാലഘട്ടത്തിൽ കുളത്തുമ്മൽ വില്ലേജ് അസിസ്റ്റന്റായിരിക്കെ റവന്യൂ കളക്ഷൻ ഇനത്തിൽ പിരിച്ചെടുത്ത 52700 /-രൂപ സർക്കാരിൽ

അടക്കാതെ തിരിമറി നടത്തിയ കേസിലാണ് പ്രതിയെ  കോടതി ശിക്ഷിച്ചത് .വിജിലൻസ് ദക്ഷിണ മേഖല DYSP ആയിരുന്ന ശ്രീ.റജി ജേക്കബ് ആണ് ഈ  കേസ് അന്വേഷിച്ചു കുറ്റപത്രം സമർപ്പിച്ചത്.  ഈ കേസിലും പ്രോസിക്യൂഷനു വേണ്ടി വിജിലൻസിലെ നിയമ ഉപദേശകൻ ശ്രീ.ബിജു മനോഹറാണ് ഹാജരായത് .